(ബി) എത്രപേരുടെ അപേക്ഷകൾ ജില്ലയിൽനിന്ന് കിട്ടി;

(സി) അതിൽ എത്രപേരുടെ നിർബന്ധിതനിക്ഷേപ സംഖ്യ തിരിച്ചുകൊടുത്തു;

(ഡി) ഇനി എത്രപേർക്ക് തിരിച്ചുകൊടുക്കാനുണ്ട്;

(ഇ) ട്രഷറി ഡയറക്ടറേറ്റിൽ നിർബന്ധിതനിക്ഷേപ സംഖ്യ തിരിച്ചുകൊടുക്കുവാൻ ഉദ്യോഗസ്ഥൻമാർ ഉദാസീനത കാണിക്കുന്നുവെന്നുള്ളതിനാൽ 15-10-1979-നകം കിട്ടുന്ന അപേക്ഷകളിൻമേൽ എല്ലാം ഉടനെ തീരുമാനം എടുക്കുമെന്ന കർശന നിർദ്ദേശം കൊടുക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) 90

(സി) 63

(ഡി) 27. കിട്ടിയ അപേക്ഷകളിൽ ചില പിശകുകൾ ഉള്ളതിനാൽ ബില്ലുകൾ തിരിച്ചയച്ചിരിക്കുന്നു. തെറ്റുകൾ തിരുത്തി അവ മടക്കിക്കിട്ടിയാൽ പാസ്സാക്കുന്നതാണ്.

(ഇ) ട്രഷറി ഡയറക്ടറേറ്റിൽ ഉദ്യോഗസ്ഥൻമാർ അക്കാര്യത്തിൽ ഉദാസീനത കാണിക്കുന്നതായി അറിവില്ല. കേന്ദ്രഗവൺമെൻറിൻെറ കാലാകാലങ്ങളിലുള്ള നിർദ്ദേശങ്ങളനുസരിച്ചാണ് നിക്ഷേപസംഖ്യ തിരിച്ചുകൊടുക്കുവാനുള്ള അപേക്ഷകൾ അനുവദിക്കുന്നത്. അതുപ്രകാരം 31-3-1979 വരെ കിട്ടിയിട്ടുള്ള അപേക്ഷകൾ മാത്രമേ പരിഗണിക്കുവാൻ സാദ്ധ്യമാകൂ. അതിനുശേഷം സമർപ്പിക്കുന്ന പുതിയ അപേക്ഷകൾ കേന്ദ്രഗവൺമെൻറിൻെറ നിർദ്ദേശപ്രകാരമാണ് പരിഗണിക്കാത്തത്.

ബാലവാടി ടീച്ചർമാർക്ക് പുതിയ ആനുകൂല്യങ്ങൾ

151 [216] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ ധനകാര്യമന്ത്രി പ്രസ്താവിച്ച പുതിയ വാഗ്ദാനങ്ങളിൽ എന്തെല്ലാം ഇനിയും നടപ്പിലാക്കാതെ ഉണ്ട്;

(ബി) ബാലവാടി ടീച്ചർമാർക്ക് കൊടുക്കാമെന്നേറ്റ പുതിയ ആനുകൂല്യങ്ങൾ ഇന്നുവരെ കൊടുത്തിട്ടില്ല എന്ന വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ബഡ്ജറ്റ് പ്രസംഗത്തിൽ ധനകാര്യമന്ത്രി പ്രസ്താവിച്ചിരുന്ന പുതിയ വാഗ്ദാനങ്ങൾ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടത് അതാതു ഭരണവകുപ്പാണ്. 1979-80-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 28 മുതൽ 32 വരെയുള്ള പേജുകളിൽ നൽകിയിരുന്ന വ്യക്തമായ വാഗ്ദാനങ്ങൾ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് ബന്ധപ്പെട്ട ഭരണവിഭാഗങ്ങളോട് പ്രത്യേകിച്ച് ആവശ്യപ്പെടുകയുമുണ്ടായി. ഗവൺമെൻറ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ, അഗതികൾക്കുള്ള പെൻഷൻ, സ്വാതന്ത്ര്യസമരസേനാനികൾക്കുള്ള പെൻഷൻ, ശിശുക്കൾക്ക് ഒരുനേരത്തെ

LIBRARY ARCHIVES Kerala Legislative Assembly

ആഹാരം നൽകുന്നതിനുള്ള പദ്ധതി തുടങ്ങിയവയെ സംബന്ധിച്ചുള്ള ഉത്തരവുകളും ഇതിനകംതന്നെ പുറപ്പെടുവിച്ചിട്ടുണ്ട്. ബാക്കി കാര്യങ്ങളെ സംബന്ധിച്ച നടപടികളും ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നുണ്ട്.

(ബി) ബാലവാടി ടീച്ചർമാർക്ക് വിവിധ ഡിപ്പാർട്ടുമെൻറുകളിൽ വ്യത്യസ്തമായ ശമ്പള നിരക്കുകളാണ് കൊടുക്കുന്നതെന്നും അവ ഏകീകരിക്കണമെന്നും ആവശ്യപ്പെട്ടപ്പോൾ ആ കാര്യം പരിശോധിക്കാമെന്ന് പറഞ്ഞിരുന്നു. അതിൻറെ അടിസ്ഥാനത്തിൽ വിവിധ വകുപ്പദ്ധ്യക്ഷൻമാരുടെ കീഴിലുള്ള സ്ഥാപനങ്ങളിലെ ബാലവാടി ടീച്ചർമാരുടെ പ്രശ്നങ്ങളെപ്പറ്റിയും അവർ ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങളെപ്പറ്റിയും മറ്റുമുള്ള വിവരങ്ങൾ ശേഖരിച്ചുവരികയാണ്. അതിൻമേൽ കഴിയുന്നതും വേഗം ഒരു തീരുമാനം എടുക്കുന്നതായിരിക്കും.

സെൻസർ സർട്ടിഫിക്കറ്റ് നൽകുന്നതിനു കാലതാമസം

152 [217] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശ്രീ. വി. പി. മുഹമ്മദ് സംവിധാനംചെയ്ത ''ഉൽപ്പത്തി''ക്ക് സെൻസർ സർട്ടിഫിക്കറ്റ് നൽകുന്നതിന് കാലതാമസം വരുത്തുന്നുവെന്ന ആരോപണം ഗവൺമെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ഉത്തരം

ഇല്ല.

ടാക്സ് കുടിശ്ശിക

153 [218] ശ്രീ. പി. കെ. ശ്രീനിവാസൻ:
,, വി. കെ. രാജൻ:
,, സി. എ. കുര്യൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെയിൽസ് ടാക്സ് ഇനത്തിൽ ഗവൺമെൻറിൽ ഒരു ലക്ഷം രൂപക്കുമേൽ അടച്ചുതീർക്കുവാനുള്ള എത്രപേർ ഉണ്ട്;

(ബി) മൊത്തം ഈ വകയിൽ എത്ര സംഖ്യ കിട്ടുവാനുണ്ട്;

(സി) അവരുടെ ജില്ലതിരിച്ച കണക്ക് എത്രവീതം?

ഉത്തരം

(എ) വിൽപ്പനനികുതി ഇനത്തിൽ ഗവൺമെൻറിലേക്ക് ഒരു ലക്ഷം രൂപക്കുമേൽ അടച്ചുതീർക്കുവാൻ 338 പേരുണ്ട്. (31-3-1979-ൽ)

(ബി) മൊത്തം ഈ വകയിൽ കിട്ടുവാനുള്ള സംഖ്യ 20.62 കോടി രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly